# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ : 2245** **16.08.2017-ൽ മറുപടിയ്ക്ക്**

**സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമന നടപടിക്രമം**

**ചോദ്യം** **മറുപടി**

**ശ്രീ.ടി. വി. ഇബ്രാഹിം :** **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രാഥമിക സഹകരണ സംഘങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയിലെ ക്ലാർക്ക് തസ്തിക മുതൽ മുകളിലേക്കുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിനുവേണ്ടി എഴുത്ത് പരീക്ഷ നടത്തുന്നതിലേക്കായി സഹകരണ നിയമത്തിലെ വകുപ്പ് 80 (ബി) പ്രകാരം സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പരിധിയിൽപ്പെടാത്ത സഹകരണ സംഘങ്ങൾ / ബാങ്കുകളിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ സഹകരണ നിയമത്തിലെ ചട്ടം 182(5) പ്രകാരം സഹകരണ സംഘം രജിസ്ട്രാറിന്റെ 07.06.1991 ലെ 18/91, 23.03.1999 ലെ 11/1999 എന്നീ സർക്കുലറുകൾ പ്രകാരമാണ് നടത്തുന്നത്. |
| (ബി) | പ്രാഥമിക സഹകരണ സംഘത്തിന്റെ ഭരണസമിതിക്ക് നേരിട്ട് നിയമനം നടത്താവുന്ന തസ്തികകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പരിധിയിൽപ്പെടാത്ത തസ്തികകളിലേക്കുള്ള നിയമനങ്ങൾ സഹകരണ നിയമത്തിലെ ചട്ടം 182(5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി ഭരണസമിതിക്ക് നേരിട്ട് നിയമനം നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഈ നിയമനത്തിന് ഏതെങ്കിലും തരത്തിലുള്ള സംവരണ തത്വങ്ങൾ പാലിക്കേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | ഉണ്ട്. ഓരോ സഹകരണ സംഘത്തിലേയും ജീവനക്കാരുടെ 10%, 3% തസ്തികകൾ യഥാക്രമം പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗക്കാർ, ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിരിക്കുന്നു. |
| (ഡി) | ജീവനക്കാർക്ക് പ്രമോഷൻ നൽകാൻ പ്രാഥമിക സഹകരണ സംഘം ഭരണ സമിതിക്ക് അർഹതയുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (ഡി) | അർഹതയുണ്ട്. കേരള സഹകരണ നിയമങ്ങൾക്കും, ചട്ടങ്ങൾക്കും പോഷക വിഭാഗം ഉപനിബന്ധനകൾക്കും വിധേയമായി സഹകരണ സംഘം ഭരണസമിതിക്ക് അർഹരായവർക്ക് പ്രൊമോഷൻ നൽകാവുന്നതാണ്. |
| (ഇ) | സഹകരണ റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനത്തിന് സ്വീകരിക്കുന്ന നടപടിക്രമം, സംവരണ തത്വം തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കാമോ? | (ഇ) | സഹകരണ സംഘം/ബാങ്കിൽ ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്നതിലേക്കായി സംഘം/ബാങ്ക് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതിന്റെ പകർപ്പും, നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കുന്ന മുറയ്ക്ക് പരീക്ഷാബോർഡ് ടി ബാങ്കിന്റെ അപേക്ഷ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തി ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിച്ച് എഴുത്ത് പരീക്ഷ നടത്തി യോഗ്യത നേടിയവരുടെ ലിസ്റ്റ് 1:10 എന്ന അനുപാതത്തിൽ സംഘം/ബാങ്കിന് അയച്ചുകൊടുക്കുകയും, ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സംഘം/ബാങ്ക് ഭരണസമിതി ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി ആയതിന്റെ ലിസ്റ്റ് പരീക്ഷാബോർഡിലേക്ക് അയച്ചുതരുന്ന മുറയ്ക്ക് എഴുത്തുപരീക്ഷയുടെയും, അഭിമുഖത്തിന്റേയും മാർക്ക് കൂട്ടി കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് തയ്യാറാക്കി അതാത് സംഘം/ബാങ്കുകളിൽ അയച്ചു കൊടുക്കുകയും ടി ലിസ്റ്റിൽ നിന്നും സംഘം/ബാങ്ക് ഭരണസമിതി റാങ്ക് ലിസ്റ്റ് തയ്യാറാക്കി പരീക്ഷാബോർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുക്കുകയും, ആയത് അംഗീകരിച്ച് സംഘം/ബാങ്കിന് അയച്ചുകൊടുക്കുകയും അതോടൊപ്പം പരീക്ഷാബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. 1969 ലെ കേരള സഹകരണ നിയമം 80 (4) പ്രകാരം സഹകരണ സംഘം/ബാങ്കിൽ നടത്തുന്ന മൊത്തം നിയമനങ്ങളിൽ 10% ഒഴിവുകൾ (10:1) |

| | | | |
|---|---|---|---|
| | | | പട്ടികജാതി/പട്ടികവർഗ്ഗം വിഭാഗത്തിലുള്ളവർക്ക് സംവരണം ചെയ്യേണ്ടതാണ്. സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യം ഉള്ള വ്യക്തികൾക്ക് 3% പ്രാതിനിധ്യം, സഹകരണ സംഘം രജിസ്ട്രാറുടെ 14/07/2011 തീയതിയിലെ 54/2011-ാം നമ്പർ സർക്കുലർ പ്രകാരം ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ സംവരണം ജൂനിയർ ക്ലാർക്ക് തസ്തികയ്ക്ക് മാത്രമായിരിക്കും. സഹകരണ സംഘം / ബാങ്കുകളിൽ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ നൂറ് വീതം എടുത്ത് 33, 66, 99 എന്നീ ക്രമ നമ്പറുകളിൽ കാഴ്ച വൈകല്യമുള്ളവർ, ശ്രവണ വൈകല്യമുള്ളവർ, ചലന വൈകല്യമുള്ളവർ / സെറിബ്രൽ പാൾസി ബാധിതർ എന്ന മുൻഗണനാ ക്രമത്തിലാണ് പരിഗണിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**